KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**PRESS RELEASE**

## Kerala's first maritime cluster to come up in Cherthala: Minister

**Kochi, Mar 7**: Kerala will get its first maritime cluster in Cherthala of coastal Alappuzha district, as the government is considering to set up a testing lab for allied equipment with cooperation from private players, Industries Minister Shri P. Rajeeve said today.

The administration has located a 15-acre plot for the cluster that will function as a business ecosystem boosting shipping businesses. To be groomed with necessary infrastructure and other facilities, the cluster will particularly benefit MSMEs in the maritime sector amid a major projects lined up by Cochin Shipyard for the next five years, he told a media conference.

The Minister's announcement comes as a follow-up to the government's inclusion of maritime among the 22 priority sectors in the state's 2023 Industrial Policy. That decision came following Chief Minister Shri Pinarayi Vijayan's visit to Norway in October 2022.

The Minister interacted with various stakeholders of the maritime sector, who briefed him about lack of system in Kerala to test maritime machinery. They promised Shri Rajeeve the industry's cooperation and partnership in setting up such a lab.

The Minister, in response, assured the industry of government support for the testing facility. To hold studies in the run-up to its establishment, a high-powered panel led by the Kerala State Industrial Development Corporation (KSIDC) will visit Bengaluru and Visakhapatnam in the near future. Further, the Department of Industries will hold talks with the Shipyard and Maritime University in the state, he added.

The government will start short-term courses to develop skills among engineers and financiers to make their use in the maritime sector. The finer points will be discussed with ASAP (Additional Skills Acquisition Programme), while talks will also be held with the KSIDC's Scaleup project to mobilize funds.

Industries Director Shri S. Harikishore, who is also Managing Director of KSIDC, said the state department has been according priority to the maritime sector in a big way.

The press meet was also addressed by KSIDC General Manager Shri Varghese Malakkaran and General Manager (Project Financing) Shri R. Prasanth.

**ENDS**

**]{X¡pdn¸v**
**07.03.2024**

KSIDC

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

# സംസ്ഥാനത്തെ ആദ്യ മാരിടൈം ക്ലസ്റ്റർ ചേർത്തലയിൽ

## മാരിടൈം ഉപകരണങ്ങൾക്കുള്ള ടെസ്റ്റിംഗ് ലാബ് തുടങ്ങുന്നത് പരിഗണിക്കും- വ്യവസായമന്ത്രി

കൊച്ചി: സംസ്ഥാനത്തെ ആദ്യ മാരിടൈം ക്ലസ്റ്റർ ചേർത്തലയിൽ ആരംഭിക്കുമെന്ന് വ്യവസായ-കയർ-നിയമ മന്ത്രി പി രാജീവ് പ്രഖ്യാപിച്ചു. മാരിടൈം മേഖലയിലുള്ള സ്വകാര്യകമ്പനികളുടെ പങ്കാളിത്തോടെ മാരിടൈം ഉപകരണങ്ങൾക്കായുള്ള ടെസ്റ്റിംഗ് ലാബ് തുടങ്ങുന്നത് പരിഗണിക്കുമെന്നും മന്ത്രി പറഞ്ഞു.

കൊച്ചിൻ ഷിപ് യാർഡിൽ അടുത്ത അഞ്ച് വർഷത്തിൽ വരാൻ പോകുന്ന വൻവികസനപദ്ധതികളുടെ പ്രയോജനം കേരളത്തിലെ മാരിടൈം മേഖലയിൽ പ്രവർത്തിക്കുന്ന എംഎസ്എംഇകൾ ഉപയോഗപ്പെടുത്തണമെന്ന് മന്ത്രി പറഞ്ഞു. 2023 ലെ സംസ്ഥാന വ്യവസായനയത്തിലെ 22 മുൻഗണനാ മേഖലയിൽ പെടുന്നതാണ് മാരിടൈം. മുഖ്യമന്ത്രിയുടെ നോർവെ സന്ദർശനത്തെ തുടർന്നാണ് കേരളത്തിൽ ഈ മേഖലയ്ക്കായി പ്രത്യേകം ക്ലസ്റ്റർ തുടങ്ങാൻ തീരുമാനിച്ചത്. ഇതിനായി ചേർത്തയിൽ 15 ഏക്കർ സ്ഥലം സർക്കാർ കണ്ടെത്തിയിട്ടുണ്ട്. മാരിടൈം വ്യവസായങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇത് നൽകാനാകുമെന്നും മന്ത്രി പറഞ്ഞു.

മാരിടൈം മേഖലയിലെ വിവിധ പങ്കാളികളുമായി മന്ത്രി ആശയവിനിമയം നടത്തി. മാരിടൈം മെഷിനറി ഉപകരണങ്ങൾ ടെസ്റ്റ് ചെയ്യുന്നതിന് കേരളത്തിൽ സംവിധാനമില്ലാത്തത് വ്യവസായികൾ ചൂണ്ടിക്കാട്ടി. ടെസ്റ്റിംഗ് കേന്ദ്രം സ്ഥാപിക്കുന്നതിന് വ്യവസായ സമൂഹത്തിൻറെ പങ്കാളിത്തവും വാഗ്ദാനം ചെയ്തു. യോഗത്തിൽ വച്ച് തന്നെ ടെസ്റ്റിംഗ് കേന്ദ്രം തുടങ്ങുന്നത് പരിഗണിക്കാമെന്ന് മന്ത്രി നിർദ്ദേശിച്ചു. ഇതെക്കുറിച്ച് പഠിക്കുന്നതിനായി കെഎസ്ഐഡിസി സംഘം ബംഗളുരുവും വിശാഖപട്ടണവും സന്ദർശിക്കും. ഷിപ് യാർഡ്, മാരിടൈം സർവകലാശാല തുടങ്ങിയ സ്ഥാപനങ്ങളുമായും വ്യവസായവകുപ്പ് ഇത് സംബന്ധിച്ച ചർച്ച നടത്തും. ഇക്കാര്യത്തിൽ ഉടൻ നടപടിയുണ്ടാകുമെന്നും മന്ത്രി ഉറപ്പ് നൽകി.

Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

എൻജിനീയറിംഗ്, ഫിനാൻസ് മേഖലയിലുള്ള പ്രൊഫഷണലുകൾക്ക് മാരിടൈം മേഖലയിൽ പ്രവർത്തിക്കുന്നതിനുള്ള നൈപുണ്യ വികസനത്തിന് ചെറു കോഴ്സുകൾ തുടങ്ങാനാവുമെന്ന് മന്ത്രി പറഞ്ഞു. സർക്കാരിൻറെ നൈപുണ്യവികസന പദ്ധതിയായ അസാപുമായി ചർച്ച ചെയ്ത് ഇത് തീരുമാനിക്കും. മൂലധന സമാഹരണത്തിന് കെഎസ്ഐഡിസിയുടെ സ്കെയിലപ് പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

മാരിടൈം ഉൾപ്പെടെയുള്ള മുൻഗണനാ മേഖലകൾക്ക് വ്യവസായവകുപ്പ് വലിയ തോതിലുള്ള പിന്തുണയാണ് നൽകുന്നതെന്ന് വ്യവസായവകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ് ഹരികിഷോർ പറഞ്ഞു. കെഎസ്ഐഡിസി ജനറൽമാനേജർമാരായ വർഗീസ് മാലാക്കാരൻ, ആർ പ്രശാന്ത് എന്നിവരും സംബന്ധിച്ചു.

.....................................................................................